ആ കൊച്ചു പൂവ് തനിക്ക് ചുറ്റുമുള്ള എല്ലാത്തിനേയും നോക്കി പുഞ്ചിരിച്ചു കൊണ്ടിരുന്നു. അവളിങ്ങനെ ചിന്തിച്ചു. തന്റെ മൃദുലമായ ഇതളുകളിൽ പ്രസാദാത്മകത തുളുമ്പുന്നു. വാടി വീഴും വരെ ഏവർക്കും പുഞ്ചിരി സമ്മാനിക്കാനായി ഒരു ജന്മം. പെട്ടെന്ന് ഒരു മഞ്ഞുതുള്ളി അവളുടെ കവിളിൽ പതിച്ചു. പൂവ് അസ്വസ്ഥയായി. ഇത് പ്രകൃതിയുടെ കണ്ണീർ ജലമാണ് തന്റെ സൗന്ദര്യം മായ്ച്ചു കളയാൻ ഇതുമതി.

അവൾ അലസനായി ഇലകളുടെ മർമ്മരം ശ്രവിച്ചു കൊണ്ടിരുന്ന കുഞ്ഞി കാറ്റിനോട് മൃദു സ്വരത്തിൽ തന്റെ കവിളിൽ പറ്റിപ്പിടിച്ചിരുന്ന ജല കണത്തെ തട്ടി കളയാൻ അപേക്ഷിച്ചു. കാറ്റ് അമ്പരന്നു. പൂവ് തുടർന്നു."ഇത് ആകാശത്തിന്റെ കണ്ണീരാണ്. ആരുടെയും കണ്ണീർ ജലം താങ്ങാൻ എനിക്ക് വയ്യ. " കാറ്റ് ഒന്ന് ആലോചിച്ച ശേഷം ഇങ്ങനെ പറഞ്ഞു, " കുഞ്ഞേ ഇത് പ്രകൃതിയുടെ ആനന്ദ കണ്ണീരാണ്. നീ വിടർന്നു കാണാൻ അമ്മ ഒത്തിരി കാത്തിരുന്നു, നീ വിടർന്നപ്പോൾ മേഘങ്ങളുടെ കൈക്കുമ്പിളിൽ അമ്മ സൂക്ഷിക്കാനേൽപ്പിച്ച ജലകണം അവർ നിന്നിലേക്ക് പൊഴിച്ചു. ഇപ്പോഴിതാ , സൂര്യ രശ്മികൾ അതിൽ വർണ്ണ വിസ്മയം തീർക്കുന്നു. നിന്റെ കവിളിൽ പല നിറങ്ങളുള്ള ഒരു രത്നം പോലെ അത് ജ്വലിക്കുന്നു. നിന്റെ സൗന്ദര്യം ഇരട്ടി യാക്കുന്നതാണ് അതിന്റെ ശോഭ".

ആ പൂവ് വീണ്ടും പുഞ്ചിരിച്ചു. ഈ സൂര്യാസ്തമനത്തോടെ വിട പറയേണ്ട തന്നെ ഇത്രമേൽ അലംകൃതയാക്കിയ ആ അമ്മയുടെ കാത്തിരിപ്പിനെക്കുറിച്ചോർത്ത്....



**Sreevidhya A**
**Mathematics**






**Deepthi P K**
**Social Science**

## Shadow

He is always with me
Sometimes In front of me
Sometimes in my back
Sometimes he is pigmy, and
Sometimes tall ...
He is my companion,
With him I'm really in bliss
I know , he is the only one
Who is always with me...
Every day I'm in mirth, but
In the whole night, I'm in misk
He mitigated my loneliness,
He is like a leaf of my life.
But I realise,
One day l lost him, because
There is nothing in the world
Which exist longer...
The day he'll lost in me too...



**Anjali P**
**Physical Science**



Praveena N
Physical Science

# മരണം

അവൻ അന്ന് മൗനത്തിലായിരുന്നു.
അതവന്റെ പ്രതികാരമോ പിണക്കമോ
അല്ല, മറിച്ച് അപ്രതീക്ഷിതമായി വരുന്ന
അതിഥികളെ കണ്ടിട്ടാണ്. അവനെ
കാണാൻ എല്ലാവരും എത്തി.
പ്രിയപ്പെട്ടവരും ബന്ധുക്കളും
അയൽക്കാരും നാട്ടുകാരും കൂട്ടുകാരും
അങ്ങനെ എല്ലാവരും. പക്ഷേ ആ ദിവസം
ആരും സന്തോഷിച്ചില്ല, ആഘോഷിച്ചില്ല.
ദുഃഖം , ദുഃഖം മാത്രമായിരുന്നു. പക്ഷേ
അവർക്കിടയിൽ ചിരിച്ച ഒരു
മുഖമുണ്ടായിരുന്നു അവന്റേത് മാത്രം.
പക്ഷേ അവൾ....!

നിശാഗന്ധിയിലെ പൗർണ്ണമിയായിരുന്നു
അവളുടെ നെറ്റിയിലെ വട്ടപൊട്ട്, പിന്നീട്
ആ പൊട്ടിന്റെ മാധുര്യം
അമവാസിയിലേക്ക് എന്നതുപോലെ
ഒതുങ്ങി പോയി.

പ്രവീണ. എസ്



Ann Mary Kurian
Physical Science





**Meenu V**
**Physical Science**

## Hey there, I am using WhatsApp to Whatsapp is using Me

Youth and social media have become increasingly intertwined in recent years. Social media platforms such as Facebook, Twitter, Instagram, and Snapchat have become the primary means of communication and socialization for many young people. But the excessive use of social media nowadays leads to addiction, social isolation, and lack of face-to-face communication skills. Social media also contributes to cyberbullying as young people may use social media to bully and harass others.

It is important for parents, teachers, and other adults to be aware of the potential risks and benefits of social media for young people. They can help young people develop healthy habits around social media such as setting limits on screen time and encouraging face-to-face communication. They can also educate young people about online safety and how to navigate social media in a responsible and respectful way.

Some of the ways in which social media can affect youth include:

Cyberbullying: Young people may experience bullying or harassment online which can cause emotional distress, anxiety, and depression.

Social Comparison: Social media often presents a skewed version of reality, with people showcasing only their best moments and most flattering photos.

Addiction: Social media can be addictive and young people may find themselves spending excessive amounts of time on these platforms which can impact their relationships, academic performance, and mental health.

Sleep Disturbances: The blue light emitted by electronic devices can interfere with sleep and many youth people use social media late into the night which can lead to sleep disturbances and fatigue.

FOMO: Social media can create a sense of pressure to constantly stay connected and upto date leading young people to feel anxious or stressed it they are not constantly engaging with social media.



Greeshma G
Physical Science





Mrs Neema Surendran
Assistant Professor


## നിഴൽ

നിന്നോടെനിക്കെന്നും പ്രണയമായിരുന്നു
രാത്രിയുടെ പുതപ്പിലൊളിപ്പിച്ചു വെച്ച
എഴുതാൻ ബാക്കിവെച്ച പ്രണയ ലേഖനങ്ങൾ,
കാർമേഘങ്ങളാകുന്ന കരിമ്പടം കൊണ്ട് മൂടി
വെച്ച പ്രണയ കാവ്യങ്ങൾ,
ചിറകറ്റ മേഘങ്ങളുടെ കുളിർപൊഴിക്കൽ
പോലെ
അവയോരോന്നും പെയ്തിറങ്ങുന്നു.
നിന്നോടെനിക്കെന്നും പ്രണയമായിരുന്നു
എന്ന് വിളിച്ചോതുവാൻ.
ജീവിതയാത്രയിൽ നിന്നോളമെന്നെ
അനുഗമിച്ചവർ ആരുമില്ല
മുന്നിലും പിന്നിലും നീയുണ്ടായിരുന്നു
എവിടെയാണെങ്കിലും കുടെയുണ്ട്
വിട്ടുപിരിയാതെ....
നീയറിയാതൊരു വസന്തവും എന്നിൽ
പൂത്തിട്ടില്ല...
നീയറിയാതൊരു വർഷകാലവുമെന്നിൽ
അലയടിച്ചിട്ടില്ല
നീയറിയാതൊരു നൊമ്പര കടലും എന്നിൽ
ആർത്തലച്ചിട്ടില്ല
നിന്നോളം, എന്റെ നിഴലോളം, ഒന്നും എന്നെ
തിരക്കി വന്നിട്ടുമില്ല
നിന്നോടെനിക്കെന്നും പ്രണയമായിരുന്നു



**Aiswarya R Menon**
**Physical Science**





Keerthy N
Commerce

## Corruption

Corruption refers to a form of criminal activity or dishonesty. It refers to an evil act by an individual or a group. Most note mostly, this act comprises the rights and privileges of others. Furthermore, corruption primarily includes activities like bribery or embezzlement. However, corruption can take in many ways. Most probably, people in positions of authority are susceptible to corruption. Corruption certainly reflects greedy and selfish behaviour.

First of all, bribery is the most common method of corruption. Bribery involves the improper use of favours and fits in exchange for personal gain. Furthermore, the types of favours are diverse. Above all, the favours include money, gifts, company shares, sexual favours, employment, entertainment and political benefits. Also, personal gain can be giving preferential treatment and overlooking crime.

Embezzlement refers to the act of withholding assets for the purpose of theft. Furthermore, it makes place by one or more individuals who were entrusted with these assets. Above all, embezzlement is a type of financial fraud.

Extortion is another major method of corruption. It means to obtain properly, money or services meagerly. Above all, this obtainment takes place by cocrcion individuals or organisations. Hence, extortion is quite similar to blackmail.

Abuse of discretion is another method of corruption. Here, a person misuses one's power and authority. An example can be judge unjustly dismissing a criminal's case.

Finally, influence peddling is the last method here. This refers to the illegally using one's influence with the government or other authorized individuals. Furthermore it takes place in order to obtain preferential treatment or favour.

On important way of avoiding corruption is to give a better salary in government job. Many government employees receive pretty low salaries therefore, they resort to bribery for expenses. So, government employees should receive higher salaries. Consequently, high salaries would reduce their motivation and resolve to engage in bribery.



**Greeshma G**
**Physical Science**



GREESHMA-G
PHYSICAL SCIENCE



**Vineetha C**
**Mathematics**

## അനുഭവ താളുകളിൽ നിന്നോരേട്

മൊബൈലിൽ മെസ്സേജ് വരുന്ന ശബ്ദം. ഞാൻ വാട്സ്ആപ്പ് തുറന്നു നോക്കി. മെസ്സേജ് വായിച്ചു. സന്തോഷവാർത്ത! എല്ലാവരുടെയും ടീച്ചിങ് പ്രാക്ടീസിനുള്ള സ്കൂളുകളുടെ ഫൈനൽ ലിസ്റ്റ് വന്നിരിക്കുന്നു. എനിക്ക് കിട്ടിയത് ജി.എച്ച്.എസ്.എസ് എരിമയൂർ സ്കൂളാണ്.വളരെ സന്തോഷത്തോടെ സ്കൂളിൽ ആദ്യ വിസിറ്റ് നടത്തി.പ്രധാന അധ്യാപകയ്ക്ക് നീമ ടീച്ചർ ലെറ്റർ കൈമാറി.സ്കൂളിന്റെ മുൻവശത്തു നിന്ന് ഫോട്ടോയെടുത്ത് ഞങ്ങൾ പിരിഞ്ഞു.വല്ലാത്തൊരു സന്തോഷം തോന്നിയ ദിവസമായിരുന്ന.ജീവിതത്തിലെ ഓർമ്മത്താളുകളിൽ സൂക്ഷിക്കാവുന്നത്.

പിന്നീട് വീണ്ടും ഇനിറിയേറ്ററി പ്രാക്ടീസ്നായി സ്കൂളിൽ എത്തിച്ചേർന്നു. ഞങ്ങൾ 11 പേരായിരുന്നു. മനസ്സിൽ അധ്യാപകർ തന്ന നിർദേശങ്ങളും നല്ലപാഠങ്ങളും ഓടിമറഞ്ഞു.ആദ്യദിവസം 8,9 ക്ലാസുകളിൽ കയറി.'Uncontrollable....'പല വിദ്യകളും ഉപയോഗിച്ചു. ഒരാഴ്ചക്കാലത്തെ അധ്യാപന പരിശീലനം പൂർത്തിയായി. സ്കൂളിലെ അധ്യാപകർ എല്ലാവരും തന്നെ വളരെയധികം സഹകരിച്ചിരുന്നു.

ഒരു കാര്യം മനസ്സിലായി. നമ്മൾ എത്തിച്ചേർന്ന ഇടത്തെ മനസിലാക്കി മുന്നോട്ടു പോയാൽ മാത്രമേ ജീവിതത്തിൽ വിജയിക്കുകയുള്ളു എന്ന്. അങ്ങനെ സ്കൂളിലെ ഓരോ ക്ലാസ് റൂമിൽ കയറുമ്പോഴും അവിടുത്തെ കുട്ടിയെപ്പോലെ ചിന്തിച്ച് ക്ലാസ് നിയന്ത്രിക്കാൻ ശ്രമിച്ചു.

അവിടെ 7A യിലെ 2 വിദ്യാർത്ഥികൾ mentally challenged ആയിരുന്നു.ആദ്യം പേടി തോന്നിയെങ്കിലും ഞാൻ ക്ലാസ് മുന്നോട്ട് കൊണ്ടുപോയി. ഗൈഡ് ടീച്ചറായ സിന്ധു ടീച്ചർ അതിനുവേണ്ടി നിർദ്ദേശങ്ങൾ എനിക്ക് തന്നു.ഓരോ കുട്ടിയും ഓരോ തരത്തിലായിരുന്നു എന്ന് നേരിട്ട് അറിയാൻ സാധിച്ചു. കുടുംബ പ്രശ്നങ്ങൾ ഉള്ളവരും ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരും കൂടാതെ ഗിഫ്റ്റഡ് ചിൽഡ്രൻ...ഇങ്ങനെ ഒരു കുടക്കീഴിൽ ഒരുപാട് അറിവുകൾ എനിക്ക് കിട്ടി. അവരെ വീക്ഷിക്കാനും അനുസരിപ്പിക്കാനും കൂടിയുള്ള അവസരങ്ങൾ ലഭിച്ചു.ഒരുപാട് അറിവുകളോടൊപ്പം തന്നെ തിരിച്ചറിവുകളും സമ്മാനിച്ച ഇടമാണ് എരിമയൂർ സ്കൂൾ.

എത്ര മോശപ്പെട്ട സാഹചര്യത്തിൽ പോലും സമന്വയത്തോടെ നേരിടാൻ ഒരു ധൈര്യം വന്നിരിക്കുന്നു.കാരണം തുടക്കം തൊട്ട് അവസാന ദിവസം വരെ നോക്കുമ്പോൾ കുട്ടികളെ പഠിപ്പിക്കുന്നതോടൊപ്പം അച്ചടക്കം പാലിച്ചു മുന്നോട്ടു കൊണ്ടുപോകാനും വളരെയധികം ബുദ്ധിമുട്ടിയിരുന്നു. ഞാൻ പിന്നീട് അങ്ങനെ അച്ചടക്കം തീരെ കുറഞ്ഞ ക്ലാസ്സുകളിൽ കയറി ക്ലാസെടുക്കാനുള്ള ആത്മവിശ്വാസം നേടി.

ഞങ്ങൾ 11 പേർക്കും കിട്ടിയത് ഒരു വലിയ പഴയ ഹോൾ ആയിരുന്നു. ഇന്നും ഓർക്കുമ്പോൾ ഒരുപാട് നല്ല നിമിഷങ്ങൾ മനസ്സിലേക്ക് ഓടിയെത്തുന്നു. സന്തോഷം,സങ്കടം,ഒത്തൊരുമ്മ ഇത്തരത്തിൽ എല്ലാം ഒരുമിച്ച് പങ്കിട്ട കുറച്ചു നാളുകൾ. "കുട്ടിയായി ചിന്തിക്കുക കുട്ടിയായി മാറുക" ഞങ്ങളുടെ ടീച്ചർമാർ പറഞ്ഞ വാക്കുകളാണ് തികച്ചും പരിശീലന ദിനങ്ങളിൽ മനസ്സിൽ ഉണ്ടായിരുന്നത്. ജീവിതത്തിലെ ഏറ്റവും നല്ല നാളുകളാണ് അവിടുത്തെ എന്ന് ഞാൻ ഓർക്കുന്നു.



**Greeshma G**
**Physical Science**



GREESHMA-G
PHYSICAL SCIENCE



**Sathimol**
**Commerce**

## മഴ നനയാത്ത മക്കൾ

ഇവിടെ ഈ കഥ തുടങ്ങുന്നത് രണ്ടു കുടുംബങ്ങളുടെ ജീവിതപശ്ചാത്തലം അടിസ്ഥാനമാക്കിയാണ്. ഇതിൽ ഒരു കുടുംബം വളരെ ദാരിദ്ര്യം അനുഭവിക്കുന്നവരും രണ്ടാമത്തെ കുടുംബം വളരെ സമ്പന്നരുമാണ്. ദരിദ്രകുടുംബത്തിലെ അച്ഛനും അമ്മയ്ക്കും ഏക മകളായിരുന്നു 'മഹതി'.അവൾ പഠിച്ച ക്ലാസ്സുകളിലെല്ലാം മിടുക്കിയും ഒന്നാമതും ആയിരുന്നു. അങ്ങനെ അവളുടെ പ്ലസ്ടു റിസൾട്ട് വന്നു. സ്കൂളിലെ തന്നെ ഏറ്റവും നല്ല റിസൾട്ട് ആയിരുന്നു അവളുടേത്.അവളുടെ ഏറ്റവും വലിയ ആഗ്രഹം ഡോക്ടർ ആവുക എന്നതാണ്.പക്ഷേ മാതാപിതാക്കളുടെ സാമ്പത്തികം അതിന് അനുവദിച്ചില്ല.വളരെയധികം ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബത്തിൽ നിന്നും ഒരു ഡോക്ടർ... ഒരിക്കലും നടക്കാത്ത സ്വപ്നമായിരുന്നു.പക്ഷേ അവളുടെ ആഗ്രഹപ്രകാരം എൻട്രൻസ് നയിക്കുകയും ഉയർന്ന റാങ്ക് നേടുകയും ചെയ്തു.അവളുടെ അച്ഛൻ ജോലി ചെയ്യുന്ന അവിടത്തെ മുതലാളി (അവർ സാർ എന്നാണ് വിളിച്ചിരുന്നത് ) അവളെ സഹായിക്കാനായി മുന്നോട്ടിറങ്ങി. ആ സാറിനു രണ്ട് ആൺമക്കളായിരുന്നു.ഒരാൾ ഉയർന്ന ശമ്പളത്തിൽ ഉദ്യോഗസ്ഥൻ. രണ്ടാമത്തെ മകൻ പിഎസ്സി പരീക്ഷ കഴിഞ്ഞു ജോലിക്കായി ഇരിക്കുകയായിരുന്നു. അങ്ങനെയിരിക്കെ മഹതി മെഡിക്കൽ കോളേജിൽ പോയി പഠിക്കാൻ തീരുമാനിച്ചു.അവൾ അതിനുള്ള ഒരുക്കങ്ങൾ തുടങ്ങി.പക്ഷേ ഈ സമയം മഹതിയെ രണ്ടുപേർ സ്നേഹിക്കുന്നുണ്ടായിരുന്നു. ഒന്ന് അവിടത്തെ പഞ്ചായത്തു പ്രസിഡന്റ്. രണ്ടാമത് സാറിൻറെ മോൻ വിശ്വം.വിശ്വത്തിന് മഹതിയെ ഇഷ്ടമായിരുന്നു. അവൾക്ക് തിരിച്ചും. അവൾ കോളേജിൽ പോകുന്ന ആദ്യദിവസം അച്ഛനും അമ്മയും പുറത്തുപോയ സമയത്ത് പഞ്ചായത്ത് പ്രസിഡൻറ് വീട്ടിൽ വരികയും അവളെ കടന്നു പിടിക്കുകയും ചെയ്തു. ഇത് കണ്ടുവന്ന വിശ്വം അയാളെ അടിച്ചു കൊലപ്പെടുത്തി.ആ സമയത്താണ് വിശ്വത്തിന്റെ അച്ഛൻ ഒരു സന്തോഷ വാർത്തയുമായി വന്നത്.വിശ്വത്തിന് മോട്ടോർ വാഹന വകുപ്പിൽ ജോലി കിട്ടി.ഇത് വിശ്വത്തിന് സഹിക്കാൻ പറ്റിയില്ല. എന്തു ചെയ്യും എന്നറിയാത്ത സാഹചര്യത്തിലാണ് മഹതി ഏറ്റെടുത്തത്.

അവൾ ഉറക്കെ വിളിച്ചുപറഞ്ഞു ഞാനാണ് പ്രസിഡന്റിനെ കൊന്നത്. അങ്ങനെ കോടതി അവളെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു. എല്ലാ മോഹങ്ങളും ബാക്കിവെച്ച് അവൾ ജയിലിൽ പോയി.ഈ കാലയളവിൽ സങ്കടം സഹിക്കാൻ കഴിയാതെ മഹതിയുടെ മാതാപിതാക്കൾ ട്രെയിനിന്റെ മുന്നിൽ ചാടി ആത്മഹത്യ ചെയ്തു.അങ്ങനെ അഞ്ചുവർഷത്തിനുശേഷം അവൾ പരോളിൽ ഇറങ്ങിയപ്പോൾ അവളെ ഏറ്റെടുക്കാൻ സാറല്ലാതെ ആരുമുണ്ടായില്ല. അതിനിടയിൽ വിശ്വം ഒരു വലിയ ഉദ്യോഗസ്ഥനായി മാറി കഴിഞ്ഞു. സാർ അവളെ വീട്ടിലേക്ക് കൂട്ടി കൊണ്ടുവന്നു.പക്ഷേ ആ വീട്ടിലെ ആർക്കും അത് ഇഷ്ടമായിരുന്നില്ല.പ്രത്യേകിച്ച് വിശ്വത്തിന്.അവൻ വേറെ കല്യാണം കഴിക്കാൻ തയ്യാറായിരിക്കുകയായിരുന്നു. സാറും മഹതിയും ഒരുപാട് അഭ്യർത്ഥിച്ചിട്ടും പകരം ഒരു ചെക്ക് കൊടുത്ത് ഇഷ്ടമുള്ളത് എഴുതിയെടുക്കാൻ പറഞ്ഞു. അവൾ ആ ചെക്ക് നിരസിച്ചു. അവസാനം സാർ പറഞ്ഞു.ഞാൻ സാക്ഷി പറയാം. നീ ചെയ്യാത്ത തെറ്റിന് ശിക്ഷ അനുഭവിക്കരുതെന്ന് പറഞ്ഞു മഹതിയോട്. ഈ സമയം രണ്ടു മക്കളും കൂടി അച്ഛനെ ഭ്രാന്തനാക്കാൻ തീരുമാനിച്ചു.ഇതറിഞ്ഞ വിശ്വത്തിന്റെ അച്ഛൻ ആൺമക്കളെ എന്നെന്നേക്കുമായി പടിയിറക്കിവിട്ടു. പകരം മഹതിയെ സ്വന്തം മകളായി ഏറ്റെടുത്തു. പരോൾ കഴിഞ്ഞു പോകാൻ നേരം മഹതിയോട് സാറും ഭാര്യയും പറഞ്ഞു. നിനക്കും ആരുമില്ല എന്ന് വിചാരിക്കരുത്.അച്ഛനും അമ്മയും ഇനി ഞങ്ങളാണ്. ഇവിടെ ഞങ്ങൾ നിന്നെ കാത്തിരിക്കുന്നുണ്ട്.സന്തോഷത്തോടെ പോയിട്ട് വരൂ എന്ന് പറഞ്ഞ് അവർ സന്തോഷത്തോടെ യാത്രയാക്കി.



**Remya P**
**Physical Science**





**Revathy C**
**Social Science**

## ഇവൾ ഒരു കനൽപൂവ്

പുൽപ്പായതൻ ഈറനാം
തുമ്പിനെ തട്ടിമാറ്റി
ഒരു തുണ്ടു പുതപ്പിനുള്ളിൽ
അവൾ ചുരുണ്ടു കൂടി
വിശപ്പിന്റെ നോവിനെ
താരാട്ടുപാട്ടാക്കി
കണ്ണീർകണങ്ങളെ മെത്തയാക്കി
അവൾ കിടന്നു.
ആണ്ടേറെയായി വറ്റി വരണ്ട
നീർത്തടം പോലവെ കണ്ണുകൾ
ഓലക്കീറുകളോട് പൊരുതി
മിന്നലൊളികളെറിഞ്ഞു
കാലൻ കോഴിയുടെ കൂവൽ
രക്തം പോൽ ചെവിയിൽ തളംകെട്ടി
ആരെയോ കാത്ത്
ആർക്കോ വേണ്ടി
എന്നും ഒരു പിടി ചോറുമായ്
വഴികണ്ണ് നട്ടിരുന്നവൾ
മംഗല്യം കഴിച്ചോനിട്ടിട്ടു പോയിട്ടും
താലിയെ നെഞ്ചോടു ചേർത്ത് കഴിയുന്നവൾ
ജീവൻ നൽകിയോരിട്ടിട്ടു പോയിട്ടും
ജീവിതം പോരാട്ടമാക്കി മാറ്റിയവൾ

ആവി പാറുന്ന കഞ്ഞി നീരിൽ
ആ ദിനത്തെ കത്തലടക്കിയും
ഏക പൈതലിനെ മാറോടണച്ചും
നോവിൻ മുലപ്പാൽ നുകർന്നു നൽകുന്നവൾ.

Cont...

ഇടിമുഴക്കങ്ങൾക്കിടയിലും
കാറ്റിൻ യക്ഷ ഗാനങ്ങൾക്കു നടുവിലും
കാലൊച്ചകൾക്ക് കാതോർത്തുകൊണ്ട്
രാത്രിയെ പകലാക്കി മാറ്റുന്നവൾ
തുണയേതുമില്ലാതെ
ജീവിത നൗകയിൽ മുങ്ങി താഴുന്നവൾ

നോവിന്റെ കയ്പ്പുനീരിനാൽ
സിന്ദൂരമണിയുന്നവൾ
ആരോമൽ കിടാവിന്റെ ചിരിയിൽ ദുഃഖമാകെയും
മറക്കുന്നവൾ
അവളുടെ പാതിവ്രത്യത്തെ
വെണ്ണീറാക്കും വിധം നോക്കുന്ന
കഴുകൻ കണ്ണുകൾക്കു നടുവിൽ പകച്ചു നോക്കുന്ന ആ
മുഖം
ഇന്നുമെന്നെ നീറ്റുന്നു..

എന്നിട്ടും അവൾക്കെങ്ങനെ കഴിഞ്ഞു
ആ പൈതലിനിളം കഴുത്തു
ഞെരിക്കുവാൻ
നാളെ ആ പെൺകുഞ്ഞിന് ചൂണ്ടി കാണിക്കാൻ
അവളുടെ
അച്ഛനെവിടെ?

നാളെ അവൾ അമ്മയെ പഴിക്കാതിരിക്കാൻ, പെണ്ണിനെ
ഉറ്റുനോക്കുന്ന
കണ്ണുകൾക്കിരയാവാ തിരിക്കാൻ,
പൈതലിനെ കൊന്ന അമ്മയാണവൾ..

എന്നിട്ടും ഒരു കണ്ണുനീർ ശരമെറിയാതെ നെഞ്ചു
നീറ്റുന്നവൾ.

താനൊരുമ്മതൻ ധർമം നിറവേറ്റിയെന്ന്
കണ്ണുകളാൽ മൊഴിയുന്നവൾ.

ഇവൾ തന്നെയാണ് അമ്മ..
അമ്മയാണവൾ, പെണ്ണാണവൾ...

നോവിലലിയുന്ന നെഞ്ചുള്ള
പെണ്ണാണവൾ...
ഇരുളിന്റെ തടവറയ്ക്കുള്ളിൽ
മൗനത്തിന്റെ വിങ്ങലുമായ്
സ്വയം എരിഞ്ഞു തീരുന്ന
കനൽപൂവാണവൾ...

രേവതി .സി



Shahseena K H
Physical Science





Sukanya
Social Science

## നാൾവഴികൾ...

“മതി നിന്റെ പഠിത്തം. നിർത്തിക്കോ.ഇനി എന്റെ കയ്യിൽ അഞ്ച് പൈസയില്ല .”

സ്ഥിരം കേൾക്കാറുള്ള അച്ഛന്റെ പൈസയില്ല എന്ന വാചകം അവളെ തളർത്തിയില്ല. എന്നാൽ ഇനി പഠനം വേണ്ട എന്ന് പറഞ്ഞപ്പോൾ മീനാക്ഷി ഒരുപാട് എതിർത്തു.പക്ഷേ അതിന് ഒരു പ്രയോജനവും ഉണ്ടായില്ല.ബിരുദാനന്തര ബിരുദത്തിന്റെ റിസൾട്ട് വന്നു കഴിഞ്ഞു.ഒരു മൂന്ന് മാസത്തെ കമ്പ്യൂട്ടർ കോഴ്സ് പഠിക്കാൻ പോലും അച്ഛൻ വിസമ്മതിച്ചു.”ഒന്നുകിൽ അച്ഛന് തന്നെ പുറത്ത് വിടാൻ സംശയം ആയിരിക്കാം.. അല്ലെങ്കിൽ പണം ഇല്ലാതെ ആവാം.. എന്നാൽ ഇത് രണ്ടും പ്രസക്തി ഇല്ലാത്തതാണ് ..” അവൾ ചിന്തിച്ചു.
“വയസ്സ് 20 കഴിഞ്ഞു. ഇനി നീയാണ് എന്നെ നോക്കേണ്ടത്.” അച്ഛൻ പറഞ്ഞു. ഇതു കേട്ടപ്പോൾ മീനാക്ഷിക്ക് ചിരിയും അതിലുപരി ദേഷ്യവും ആളികത്തി... ഇത്രയും കാലം തന്റെയും സഹോദരങ്ങളുടെയും എല്ലാ ചിലവും നോക്കിയത് കൂലിപ്പണിക്ക് പോകുന്ന അമ്മയാണ് .
എന്നിട്ട് അച്ഛന്റെ ഇത്തരം വാക്കുകൾക്ക് എന്ത് പ്രാധാന്യം ആണ് ഉള്ളത്...?

അച്ഛന്റെ നിർബന്ധത്തിന് വഴങ്ങി അവൾ പല കടകളിലും ജോലിക്ക് പോയി. വീട്ടുചിലവിനും മറ്റും അവളുടെ അമ്മ പലരിൽ നിന്നും കടം വാങ്ങിയിരുന്നത് കുറേശ്ശെയായി കുറഞ്ഞു വന്നു. അവളുടെ തുച്ഛമായ വരുമാനമാണ് അതിന് സഹായകരമായത്. ജോലിക്ക് പോയതിന്റെ ഫലമായി ഒരുപാട് ആളുകളെ അവൾക്ക് പരിചയപ്പെടാൻ സാധിച്ചു. പലരുടെയും പല കുത്തുവാക്കുകളും അവൾക്ക് കേൾക്കേണ്ടി വന്നു.

ബിരുദാനന്തര ബിരുദം വരെ പഠിച്ചിട്ടും കുട്ടി എന്തിനാ ഇതൊക്കെ ചെയ്യാൻ വരുന്നത് ? ഇത്തരം വരണമെന്നുണ്ടെങ്കിൽ എസ് എസ് എൽ സി യിൽ തന്നെ പഠനം അവസാനിപ്പിച്ചൂടായിരുന്നോ,.. എന്നൊക്കെ യുള്ള പല ചോദ്യങ്ങളുടെ മുൻപിലും പറയാൻ അവൾക്ക് ഉത്തരമുണ്ടായിരുന്നു. എങ്കിലും അവരുടെയെല്ലാം ചോദ്യങ്ങൾക്ക് ഒരേ ഒരു മറുപടി മാത്രമേ അവൾ നൽകിയിരുന്നുള്ളൂ. “തുടർന്ന് പഠിക്കാൻ സാമ്പത്തികമില്ല.”

നിത്യേന അവൾ രാത്രിയിൽ പൊട്ടിക്കരഞ്ഞു. അതും ഒറ്റക്ക്. “എനിക് എന്റെ പഠനം തുടരാൻ ആവശ്യമുള്ള പണം എന്റെ അച്ഛന്റെ കയ്യിലുണ്ട്. എന്നിട്ടും എനിക്ക് അതുകൊണ്ട് ഒരു പ്രയോജനവും ഇല്ല. കാശ് കൊണ്ട് ഉപകാരമില്ലെങ്കിലും കുഴപ്പമില്ല , വാക്കുകൾ കൊണ്ട് ഉപദ്രവിക്കാതിരുന്നാൽ മതി. “
അനാവശ്യമായി അവളെയും വീട്ടുകാരെയും അച്ഛൻ വാക്കുകൾ കൊണ്ടും തളർത്തിയിരുന്നു.

ഇനി എത്ര കാലം ഇങ്ങനെ എന്ന് ആലോചിക്കുമ്പോൾ അവൾക്ക് പേടിയായിരുന്നു. അങ്ങനെ ഒരു വർഷം കടന്നുപോയി. അതിനിടെ ഒരുപാട് തവണ അവളേയും അമ്മയേയും അവളുടെ സഹോദരങ്ങളെയും അവളുടെ അച്ഛൻ ശാരീരികമായി മർദ്ദിച്ചു. മാനസികമായി തളർത്തി. അപ്പോഴാണ് അവൾക്ക് നല്ലൊരു വിവാഹാലോചന വരുന്നത്. എന്നാൽ അതും അച്ഛൻ ഇല്ലാതാക്കാൻ ശ്രമിച്ചു. എത്ര ശ്രമിച്ചിട്ടും അത് നടന്നില്ല.

Cont...

## നാൾവഴികൾ...

അവൾ അത്രമാത്രം മനസ്സുകൊണ്ട് അയാളുമായി അടുത്തുകഴിഞ്ഞിരുന്നു. അങ്ങനെ അവളുടെ എല്ലാ വിഷമങ്ങളും സന്തോഷങ്ങളുമെല്ലാം അയാളുമായി പങ്കുവച്ചു. മറ്റുള്ളവരുടെ കണ്ണിൽ ഒട്ടും ഭംഗിയില്ലാത്ത അവളെ സ്വീകരിച്ചത് അവളുടെ മനസ്സിന്റെ സൗന്ദര്യം കൊണ്ടായിരുന്നു.

വിവാഹ ശേഷം എത്തിയ വിഷ്ണുവിന്റെ വീട്ടിലും ധാരാളം കലഹങ്ങൾ നടന്നു. എന്നാൽ അതൊന്നും അവൾക്ക് പുത്തരി യായിരുന്നില്ല. "വിഷ്ണു ഏട്ടൻ എന്തിനാ എന്നെയോർത്ത് വിഷമിക്കുന്നത്, എനിക്ക് ഇതെല്ലാം നേരിടാനുള്ള കരുത്തും ശക്തിയും ഉണ്ട്. "അവൾ സമാധാനിപ്പിച്ചു. ഈ വീട്ടിലെ പ്രശ്നങ്ങൾക്ക് പ്രധാന വില്ലൻ വിഷ്ണുവിന്റെ ഇടയ്ക്കിടെ ഉള്ള മദ്യപാനം ആയിരുന്നു. അതായിരുന്നു അയാളിലുള്ള ഏക ദുശ്ശീലം . മദ്യപാനിയാണെന്ന് അറിഞ്ഞിട്ടും അമ്മ ഈ വിവാഹത്തിന് സമ്മതിച്ചു. കാരണം അവളുടെ മാറിടത്തിൽ വളർന്നിരുന്ന മുഴയുടെ ചികിത്സക്കായി ഓടിനടന്നത് വിഷ്ണു ആയിരുന്നു..

വിഷ്ണുവിനെ മനസ്സ് കൊണ്ട് സ്വീകരിച്ച ആ നിമിഷം തന്നെ അവൾ ഈ കാര്യം അയാളോട് പറഞ്ഞിരുന്നു. എന്നാൽ ഏഴു വർഷത്തിനിടെ ഒരിക്കൽപോലും അമ്മയോട് ഇക്കാര്യം സൂചിപ്പിച്ചിട്ടില്ല. ദുഃഖങ്ങൾ മാത്രം നിറഞ്ഞ അമ്മയുടെ ജീവിതത്തിൽ ഇതും കൂടി താങ്ങാൻ അമ്മക്ക് കഴിയുമോ എന്നായിരുന്നു അവൾ ചിന്തിച്ചിരുന്നത്. എന്നാൽ ഇത് ചികിത്സിച്ചു ഭേദമാക്കാൻ വിഷ്ണു മാത്രമായിരുന്നു അവളുടെ ഒപ്പം നിന്നത്. ആശുപത്രിയിലെ ഒരു നഴ്സ് മുഖേന യായിരുന്നു ഇത് അമ്മയുടെ ചെവിയിലേക്ക് എത്തിയത്.

മദ്യപാനം തനിക്കൊരു പ്രശ്നമല്ലെന്നും അതിനെ പൂർണ്ണമായും ഇല്ലാതാക്കാൻ തനിക്ക് സാധിക്കുമെന്നുമുള്ള മീനാക്ഷിയുടെ മനസ്സിന്റെ വിശ്വാസവും ശക്തിയും തിരിച്ചറിഞ്ഞപ്പോൾ അമ്മ വിവാഹത്തിന് സമ്മതിക്കുകയായിരുന്നു.

ഇന്ന് വിഷ്ണുവിന്റെ മദ്യപാനം കുറഞ്ഞു. അതിനുള്ള പല വഴികളും മീനാക്ഷി നടത്തിയിരുന്നു. ഏക ദുശ്ശീലമായുണ്ടായിരുന്ന മധ്യപാനം കുറഞ്ഞതോടെ വീട്ടുകാർക്കും നാട്ടുകാർക്കും വിഷ്ണുവിനോടു നല്ല മതിപ്പായി.

............

പലരുടെയും കേസുകൾ വാദിക്കുന്ന മീനാക്ഷിയുടെ വീട്ടിൽ എപ്പോഴും തിരക്കായിരുന്നു. അഭിൻ, അഖിൻ എന്ന് പേരായ രണ്ടു ഇരട്ട കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ കഴിഞ്ഞതിൽ ഇന്ന് അവർ, മീനാക്ഷിയും വിഷ്ണുവും വളരെയധികം സന്തോഷത്തിലാണ്. എന്നാൽ എന്നും അതിരാവിലെ എഴന്നേറ്റു ആദ്യം ചെയ്തു തീർക്കാറുള്ള ജോലി , അവളുടെ ക്യാൻസർ രോഗ ബാധിതനായ അച്ഛനെ ശുശ്രൂഷിക്കുക എന്നതാണ്.

വിവാഹം കഴിഞ്ഞാലും അച്ഛനെ നോക്കാനുള്ള കടമ തനിക്കുണ്ട് എന്നത് ബോധ്യപ്പെടുത്തിയാണ് അവൾ അച്ഛനെ വീട്ടിലേക്ക് കൊണ്ടുവന്നത്. ഭാര്യയെയും മക്കളെയും ഉപദ്രവിച്ചതിന്റെ കുറ്റബോധം പേറി ഇന്ന് ആ അച്ഛൻ നീറുന്ന മനസ്സും കണ്ണുനീരുമായി കിടക്കയിൽ ചിന്തയിലാണ്ടു കിടക്കുന്നു....

സുകന്യ



**Anjana S**
**Commerce**

## KASHMIR – THE HEAVEN ON EARTH

Kashmir is the northernmost geographical region of the Indian subcontinent. Until the mid-19th century, the term ‘Kashmir;’ denoted only the Kashmir valley between the Great Himalayas and the Pir Panjal Range. Today, the term encompasses a larger area that includes the India-administered territories of Jammu and Kashmir, and Ladak.

Last month, I got an opportunity to visit Kashmir – the heaven on earth with my family. Our tour programme was arranged through a travel agency. It was a week’s programme. On 12th April 2023 at 07:00 p.m., we board an Airasia flight from Nembasheri airport. This was a debut in my life and I enjoyed the flight experience very much. At 10:00 p.m. we landed at Delhi Airport and went to ‘Hotel Sun View International’ for a night stay. The next day morning, we went to Srinagar, the capital city of Kashmir at 11:00 a.m. We reached there at 02:00 p.m. and met our guide ‘Mustak Bhayya’. He is a kashmerian and had good manners, our vehicle travelled around Dal Lake and reached Hotel Asia park where we had our lunch.

After that we went to Tulip Garden. Indira Gandhi memorial Tulip Garden is a tulip garden in Srinagar, Jammu & Kashmir. It is the largest Tulip Garden in Asia spread over an area of about 74 acres, It is situated at the base of the Zabarwan range, built on a sloping ground in a terraced fashion consisting of seven terraces with an overview of the Dal Lake. It was formerly known as Siraj Bagh. There are many Tulip bulbs, all in multiple colour, that was brought to keukenh of Tulip Gardens of Amsterdam. Besides Tulips, there are 46 varieties of flowers, including Hyacinths, Daffodils, and Vanunculus. The Tulip Garden was a very beautiful romantic place. We took many photos of ourselves and enjoyed the blossom of flowers.

Then we went to Mughal Garden. The celebrated Mughal Gardens of Kashmir owe their grandeur primarily to Emperor Jehangir who had an undaunted love for Kashmir, and his son Shah Jahan. It was a beautiful place in the banks of Dal Lake.

On the next day 14th April, we went to Gulmarg (the land of flowers). Gulmarg is a town, hill station, popular tourist destination, popular skiing destination, and a notified area committee in the Baramulla district in the Indian Union territory of Jammu and Kashmir. It is located at a distance of 31km from Baramulla. When we arrived at Tenamarg, we got a dress to wear and a shoe to walk over the snow. And then went to Gulmarg and we had a guide to help us to see over there.

Cont...



**Anjana S**
**Commerce**

KASHMIR – THE HEAVEN ON EARTH

First, we visited phase II which is 13800km above sea level and the oxygen level is zero through the cable car. It was a beautiful place where the mountain was filled with snow. There we spend only a few minutes. Then we move to Phase I through the cable car. There we spent a lot of time. We had some activities like skiing, sledding etc. That was also a different experience. A 'Bhayya' pulled us up through the snow and sledded us down through the same. Then we took many photos there. And the snow-covered mountain was a refreshing sight. That was a different experience for us to visit such a heaven. On that day, we returned back to Srinagar.

On 15th April we went to Sonmarg (the land of gold). Sonmarg in Kashmir is a hill station located in the Ganderbal district, Jammu and Kashmir. We reached there at 11:00 a.m. and it was a nature-blessed place that gives a visual treat to our eyes.

We went to Sonmarg along the banks of the river Indus. Every ice block melt and flows into the river Indus. The water in the river flows quietly, caressing each pebble. What a beautiful sight it was. We can do lots of activities like skiing, sledding, etc.,

When we reached there, we can also enjoy the rain. When it rains, the cold will increase because of the cold wind, we saw the last village in India there. After all the activities, we had tea from a grandfather who was local. I can livelihood of the people, when we had some conversation with him, we stayed Sonmarg on that night on 'Badar Resor and Spa'. The resort was on the bank of the Indus River. It was a beautiful scenery from the resort.

The next day morning we went to Pehalgom (The village of Sheperd) that is on the way to Jammu. When we travelled through the NH1, I could see many CRPF me at 100 metres intervals. It was then I realised how much they sacrifice for the country and its people. They are real heroes. They sacrifice their life to the country and its people.

Pehalgam (Village of Shepherd) in Kashmir is a town and a notified area committee, near Anantnag City. It is a popular tourist destination and hill station. Its lush green meadows and pristine waters attract thousands of tourists from all over the world each year. The place act as a gateway to many meadows and pastures and traditional Bakharwal communities settle there from spring season to pre-winter, heading their cattle. We stayed that night on Pehalgam at 'Soulmate Restaurant' on the river. It was a sight to behold.

It was a nice experience for me and I thank my father to give me such an wonderful opportunity to see such a heaven.



Laya R
Social Science

# നിശാസഖീ....

പകൽ വെളിച്ചം അവൾക്ക് പേടിയായിരുന്നു. ആ പ്രകാശം അവളെ എന്നും ഒരു ശത്രുവിനെ പോലെ ക്രൂശിച്ചു കൊണ്ടിരുന്നു. ചോദ്യശരങ്ങൾ അവളുടെ ഹൃദയത്തെ ഒരു വജ്രായുധം കണക്കെ തുളച്ചു , കയറി, കീറിമുറിച്ചു.

പകൽ മുഴുവൻ ആർത്തിരമ്പിയിരുന്ന അവളുടെ ഹൃദയത്തിന്റെ ഏങ്ങലുകളെ നിശയുടെ ഇരുട്ടിൽ അവൾ സ്വതന്ത്രയാക്കി. എന്നിട്ടും ആ തിരമാലകൾക്ക് കര കാണാൻ കഴിഞ്ഞില്ല. അവ വീണ്ടും നിശബ്ദമായി ഇരമ്പികൊണ്ടിരുന്നൂ.. ഇരുട്ടിന്റെ തണുപ്പിൽ എല്ലാം മറക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പകലേൽപ്പിച്ച മുറിവുകളിൽ അവൾ ഇരുട്ടിൽ വിങ്ങിപ്പൊട്ടി. ആ ചോരയൊപ്പി.

ഇരുട്ട്, ആ അന്ധത അവൾക്ക് ശുശ്രൂഷ നൽകി, അവളുടെ മുറിവുകളെ തലോടി. അവളുടെ കിനാക്കളെ തഴുകിയുണർത്തി. അവക്ക് ചിറകുകൾ നൽകി. എപ്രകാരമാണോ ഒരു സംഗീതജ്ഞൻ രചയിതാവിന്റെ അക്ഷരങ്ങൾക്ക് ഈണം പകർന്ന് ജീവസ്സുറ്റതാക്കി ഇമ്പമേകുന്നത് അപ്രകാരം തന്നെ ഓരോ നിശകളും അവളുടെ സ്വപ്നങ്ങൾക്ക് ജീവൻ നൽകി. ഒരു നവജീവന്റെ തുടിപ്പ്.

വെളിച്ചം അവൾക്ക് അഗ്നിവലയമായി അവളുടെ ചിറകുകളെ കരിച്ചപ്പോൾ , പതിയെ, പതിയെ അവൾ ഇരുട്ടിന്റെ കളിത്തോഴിയായി. പിന്നീട് എപ്പോഴോ അവളാ ഇരുട്ടിനെ പ്രണയിച്ചു തുടങ്ങി. ഓരോ രാവിലും അവൾ തന്റെ സ്വപ്നങ്ങളും ഇഷ്ടങ്ങളും പങ്കുവച്ചു. പകൽ മുഴുവൻ കാത്തിരുന്ന് രാവിന്റെ നിശാന്തതയിൽ അവരൊന്നിച്ചു. കളി പറഞ്ഞു ചിരിച്ചു. കഥകൾ കൈമാറി, കൈകോർത്ത് എങ്ങോട്ടൊക്കെയോ നടന്നു. ഓരോ നിമിഷങ്ങളും അവളാഗ്രഹിച്ചതുപോലെ സംഗീതാത്മകവും ചിലങ്കയുടെ താള നൂപുരങ്ങളിൽ അലിഞ്ഞു ചേർന്നതുമായിരുന്നു.

രാത്രികളിൽ അവർ ആർദ്രമായി പ്രണയിച്ചു. പ്രഭാതത്തിന്റെ അഗ്നിച്ചുമപ്പിൽ അവളെ തനിച്ചാക്കി യാത്രയാവുന്ന ഇരുളിന്റെ ഈണത്തിനോട് പരിഭവം കാണിക്കുമെങ്കിലും ആ തണുപ്പിലേക്ക് ഒതുങ്ങി കൂടാൻ അവൾ പിന്നെയും കാത്തിരുന്നു. അവൻ പോയ് മറയുമെങ്കിലും അവന്റെ ഓർമകളിൽ ഉണരുന്ന പ്രഭാതം അവൾക്ക് ആനന്ദമേകി.

Cont...

## നിശാസഖീ....

ഓരോ പ്രഭാത കണങ്ങളും അവളുടെ പ്രണയത്തിന്റെ സന്തതികളായി. ആ അഗ്നിച്ചുമപ്പ് അവൾക്ക് കുങ്കുമനിറമായി. നിലാവെളിച്ചത്തിലും ഇരുളിന്റെ കൂട്ടിലും അവൾ കണ്ട സ്വപ്നങ്ങൾ ആ കുങ്കുമത്തിന്റെ ക്യാൻവാസിൽ വരച്ചു തീർത്തു. ആ ചായക്കൂട്ടുകൾ അവൾക്ക് പുതു ജീവൻ നൽകി. അവളുടെ കുതിച്ചുചാട്ടത്തിന് വഴി വിരിച്ചു. ആ യാത്രയുടെ മധ്യേ അവളുടെ സങ്കൽപ്പങ്ങൾക്കും സ്വപ്നങ്ങൾക്കും നിറ ചാരുതയേകിയ ആ കുങ്കുമചാർത്തുകൾ അവൾക്കവളുടെ പ്രിയന്റെ രൂപം വരച്ചു നൽകി. അത് സന്ധ്യയുടെ സിന്ദൂരം കണക്കെ ശോഭിച്ചു. യാത്ര വീണ്ടും തുടർന്നു.വർഷങ്ങളോളം അത് നീണ്ടു.

ഇടയ്ക്കിടെ തന്റെ പ്രിയന്റെ ചിത്രത്തിന്റെ ശോഭക്ക് മങ്ങലേൽക്കുന്നത് അവളറിഞ്ഞില്ല. എന്തോ അവളുടെ ഹൃദയം അത്രമേൽ പ്രകാശിക്കുന്നുണ്ടാവണം, പ്രേമവും വിശ്വാസവും അത്രമേൽ അവളിൽ വേരുറച്ചുപോയിരുന്നിരിക്കണം.


നിശയുടെ ഒരു പാതിയിൽ പറഞ്ഞതിൽ പാതി ബാക്കിയാക്കി അവൻ നടന്നകന്നപ്പോൾ അവൾ നിശബ്ദയായി നോക്കി നിന്നു. നിർവികാരത അവളെ മൂടിയെന്നപോലെ തോന്നി. പിന്നെയും എന്തോ തിരഞ്ഞപ്പോൾ ഉരുണ്ടു കൂടിയ കണ്ണുനീർ അവനിലേക്കുള്ള അവളുടെ കാഴ്ചയെ ബന്ദിയാക്കി.

ചില നിമിഷങ്ങളുടെ ഇടവേളയിൽ അവൾ ക്ഷോഭിച്ച സമുദ്രത്തിലെ തിരമാലകളെ പോലെ അലറിവിളിച്ചു. അവളുടെ തേങ്ങലുകളെ ഭദ്രമാക്കാനെന്ന വണ്ണം ഇരുളിന്റെ അഗാധത ഏറിവന്നു. ബോധം നഷ്ടമായവൾ മണ്ണിന്റെ മാറിലേക്ക് വീണു കിടന്നു.

ഇരുളിന്റെ സൽക്കാരത്തിനെന്നവണ്ണം എത്തിയ മന്ദമാരുതൻ അവളെ തലോടി ഉണർത്തി. കലങ്ങിയ കണ്ണുകളിൽ ഇരുളിന്റെ ആശ്വാസവാക്കുകളായി പതിച്ചത് നിലാവിന്റെ അനന്തമായ സൗന്ദര്യമായിരുന്നു. എന്നാൽ അവളുടെ മനസ്സിന്റെ ഇരമ്പലുകൾക്ക് അവ മതിയാകുമായിരുന്നില്ല. എങ്കിലും അവൾ കാത്തിരുന്നു . തന്നെ ചിരിപ്പിച്ച ,സ്വപ്നം കാണിച്ച ഏകാന്തതയിലും കഥകൾ കേൾപ്പിച്ച്, പാട്ടുപാടിയ നൃത്തം ചെയ്യിച്ച രൂപമില്ലാത്ത തന്റെ ആ കൂട്ടുകാരനെ പിന്നെയും അലസമായി തീർന്ന വസ്ത്രങ്ങളും അഴിച്ചിട്ട കേശവും കണ്ണുനീർ വിരളമായ മിഴികളുമായി , നിശബ്ദമായി അവൾ കാത്തിരുന്നു, തന്റെ ഇരുളിന്റെ വരവിനായി... ആ അന്ധതയുടെ നിതാന്തമായ സഖിയായി മാറാൻ....



**Joshitha M J**
**Mathematics**





**Mrs Jini M George**
**Assistant Professor**

**"മധു ബാക്കിവച്ച ചിലത് "**

**മധു മൗനമായി പറയുന്ന ചിലതുണ്ട്**
**നിങ്ങൾ എന്നെയാണ് ഇല്ലാതാക്കിയത്.,**
**എന്റെ വിശപ്പിനെ അല്ല..**
**പശിയടങ്ങാത്ത വയറുകൾ ഇനിയും അവിടെ ബാക്കിയാണ്..**
**എന്റെ ചുമലിൽ നിങ്ങൾ വെച്ച ചണചാക്കിലരിമണികൾ പറഞ്ഞത് -**
**കാടിന്റെ മക്കൾ കാത്തുവച്ച കാട്ടരുവിയുടെ നനവിലാണ് ഞങ്ങൾ**
**വളർന്നതെന്നാണ്...**
**നിങ്ങൾ അർദ്ധനഗ്നനാക്കി എന്നെ നടത്തിയ വഴിയോരങ്ങളിൽ**
**ഇന്നും നഗ്നത ബാക്കിയാണ്...**
**നിങ്ങളെന്നെ കള്ളനെന്നു മുദ്രകുത്തിയപ്പോൾ.,**
**നിങ്ങൾ മാനം കവർന്നവർ എന്റെ ഊരിൽ ബാക്കിയാണ്,നിങ്ങൾ**
**കള്ളൊപ്പിട്ട കടലാസുതുണ്ടിലെന്റെ അവകാശങ്ങൾ ബാക്കിയാണ്..**
**നിങ്ങൾ കയ്യേറിയതാണെന്റെ കാടും, കാവും..**
**കാവുകൾ കാത്ത മഴയും...**
**നിങ്ങൾക്ക് കുറ്റം ചുമത്താൻ എന്റെ കുലവും..,നിറവും നിശബ്ദതയും**
**ഇനിയും ബാക്കിയുണ്ട്..**
**ആൾക്കൂട്ടത്തിന്റെ ആർപ്പുവിളിയാണ് സത്യമെങ്കിൽ..!**
**എന്റെ നീതിക്ക് കാവലാകുവാൻ ഏതു നീതിപീഠത്തിനാണാവുക..?**
**ഞാൻ മാത്രമാണ് ഇല്ലാതായത്**
**നിങ്ങൾ ബാക്കിയാണ്..!**
**മേൽക്കോയ്മകളുടെ മാറാലകൾ ബാക്കിയാണ്,**
**കാഴ്ചക്കാർ മാത്രമാകുന്ന കരുണയില്ലാത്ത നിങ്ങളുടെ കണ്ണുകൾ**
**ബാക്കിയാണ്...**
**എങ്കിലീക്കാടാത്തതിന്  കണക്കുചോദിക്കാൻ കലിതുള്ളി**
**കാടിറങ്ങാൻ മലദൈവങ്ങൾ മടിക്കില്ല..!**



Miss Salabha B
Assistant Professor

## BOOK REVIEW

**ഖസാക്കിന്റെ ഇതിഹാസം - ഒ വി വിജയൻ**

ഖസാക്കിലെ കരിമ്പനക്കാറ്റേറ്റ്,കാറ്റലകൾക്കൊപ്പം ചിതലിമലയുടെ താഴ്‌വരയിലെ ജീവിബന്ധങ്ങൾക്കിടയിലൂടെ യാത്ര ചെയ്യുകയായിരുന്നു.

തുടക്കത്തിലെവിടെയോ രവിയെ അറിയാൻ ശ്രമിച്ചുകൊണ്ട് കൂമൻകാവിൽ ബസ്സിറങ്ങി ഒരു ചൂട് ചായയും കുടിച്ച് ഒറ്റവരിപ്പാതയിലൂടെ നടക്കുന്നു.വരികൾക്കുള്ളിലേക്ക് ഊഴിയിടുമ്പോൾ,അപരിചിതമെന്ന് തെറ്റിദ്ധരിക്കപ്പെട്ട ചില പരിചിത മുഖങ്ങൾ കാണുന്നു.അവരിലെ വേദനകളും,അനുഭവങ്ങളും,ഓർമ്മകളും,സങ്കൽപ്പങ്ങളും തേടുന്ന പഥികയായി ഞാൻ ഖസാക്കിന്റെ ഭൂമികയിൽ അലഞ്ഞുനടക്കുന്നു.

രവിയും,അള്ളാപ്പിച്ചാമൊല്ലാക്കയും,അപ്പുക്കിളിയും, മാധവൻ നായരും,ശിവരാമൻ നായരും, തിത്തീബിയുമ്മയും,കുഞ്ഞാമിനയും, കുപ്പുവച്ചനും,കാളിയും,നീലിയും, കല്യാണിക്കുട്ടിയുമെല്ലാമടങ്ങുന്ന ഖസാക്കിന്റെ ജീവിതത്തെ അറിഞ്ഞുതുടങ്ങുമ്പോൾ ഞാനും അവരിലൊരാളായി മാറുന്നു.അവരെന്നെ ചിതലിമലയുടെ താഴ്‌വരയിൽ കെട്ടിയിടുന്നു.അങ്ങനെ അവരോടൊപ്പം ഞാനും മിയാൻഷെയ്ഖിന്റെ ഖബറിൽ ചന്ദനത്തിരികളർപ്പിക്കുന്നു. ഞങ്ങൾ,കർമ്മബന്ധങ്ങളുടെ നൂലിഴകളാൽ ബന്ധിക്കപ്പെട്ടവർ...

അവസാനമായി പത്മയോട് പ്രണയം തോന്നുന്നു. പലപ്പോഴായി ഞാൻ പത്മയെ ഓർക്കുന്നു. പത്മക്ക് രവിയോട് പ്രണയമാണ്. അല്ലെന്നൊരിക്കലും അവൾക്ക് പറയാൻ കഴിയില്ല.എനിക്കുറപ്പുണ്ട് പത്മയും രവിയും ഇനിയും ഒത്തിരി സായാഹ്നങ്ങളിൽ കടപ്പുറത്തെ മണൽത്തരികളിൽ കിടന്ന് പഴയകാലമോർക്കും. അച്ഛനെ,അമ്മയെ.

ഇടക്ക് രവി ഖസാക്കിനേയും ഓർക്കും.

എനിക്കൊരിക്കൽ ഖസാക്കിലേക്ക് പോകണം.കൂമൻകാവിലിറങ്ങി നടക്കണം.ഞാറ്റുപുരയിൽ അല്പനേരം ഇരിക്കണം.രവിയും,മൈമൂനയും, മൊല്ലാക്കയും,കുഞ്ഞാമിനയും, അപ്പുക്കിളിയും അപ്പോൾ കൂടെ വരുമായിരിക്കും. കർമ്മബന്ധങ്ങളുടെ താഴ്‌വരയിൽ അപ്പോഴും ഒരു അനുജത്തി പൂവിറുക്കുകയായിരിക്കും..

# The Nature



Akhila K
Social Science


Oh, nature . . .
You are the beautiful
Creation of yours . . .
You are something special,
Because you are a therapist.
You solve our problems
By giving your warmth
In our needs . . .
Oh, nature . . .
Nature is beautiful, in every way
Wherever we go, no matter what
The weather, always,
Keeps us in shine
We bright, everyday
With your love and care
To live in your lovely embrace . . .

# ANANDAM

## College Magazine- 2023

## Editorial Committee

### Chief Editor



**Dr. K S Balambika**
**Principal**

### Staff Editors



**Mrs Neema Surendran**
**Assistant Professor**



**Mr Charles F**
**Assistant Professor**

### Student Editor



**Ms Anju Reji**
**English**

### Student Editorial Board



**Ms Sujitha**
**Commerce**



**Ms Arathi B K**
**English**



**Ms Revathy R**
**English**



**Ms Joshitha M J**
**Mathematics**



**Ms M Aswathy**
**Mathematics**



**Ms Meenu V**
**Physical Science**



**Ms Aiswarya R Menon**
**Physical Science**



**Ms Revathy C**
**Social Science**



**Ms Laya R**
**Social Science**



**Ms Shobini Mol**
**Commerce**